# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5607

18.11.2019 - ൽ മറുപടിക്ക്

## ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിലെ ഫീസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | അക്കൗണ്ടന്റ് ജനറൽ പരിശോധനയിൽ 2015-16, 2017-18 കാലയളവുകളിൽ ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിൽ വിദ്യാർത്ഥികളിൽ നിന്നും കുറവ് ഫീസാണ് ഈടാക്കിയിരുന്നത് എന്ന് കണ്ടെത്തിയതിനെ തുടർന്ന് കുടിശ്ശികയായ ഫീസ് സർക്കാരിൽ അടച്ചിട്ടുണ്ടോ; ഈ തുകയുടെ പത്ത് ശതമാനം മാത്രമാണ് ഇതുവരെയും വസൂലാക്കിയിട്ടുള്ളത് എന്നുള്ള ഗൗരവ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇനി പിരിഞ്ഞ് കിട്ടാനുള്ള അമ്പത്തി രണ്ട് ലക്ഷം രൂപ എങ്ങനെ ഈടാക്കാനാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | നിശ്ചയിക്കപ്പെട്ട ഫീസിൽ വർഷം തോറും ഉള്ള 10% വർദ്ധനവ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇക്കാര്യം അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയപ്പോൾ തന്നെ കുട്ടികളെ അറിയിക്കുകയും വർദ്ധിപ്പിച്ച ഫീസ് 2015 ബാച്ച് മുതലുള്ള കുട്ടികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, ഇതനുസരിച്ച് 5,67,795/- രൂപ ഈടാക്കിയിട്ടുമുണ്ട്. ഇതിന് ഉത്തരവാദികളായവർക്കെതിരെയുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക എത്രയാണെന്ന് വിശദമായി പരിശോധിച്ച ശേഷം അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതനുസരിച്ച് തുക വസൂലാക്കുന്നതാണ്. |
| (ബി) | ഇത്തരം കടുത്ത കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും സർക്കാരിന് ലഭിക്കേണ്ട തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിൽ ഉണ്ടായ വൻ സാമ്പത്തിക വീഴ്ചയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; | (സി) | 2015-16 മുതൽ 2018-19 വരെയുള്ള കാലയളവിൽ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കേണ്ടിയിരുന്ന സെക്ഷനുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ സ്ഥാപനങ്ങളിൽ ഇത്തരം ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുന്നത് വകുപ്പ് അധ്യക്ഷൻമാരുടെ ശ്രദ്ധക്കുറവ് കൊണ്ടാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Milan

സെക്ഷൻ ഓഫീസർ

അനുബന്ധം

**List of Officers who worked/working in Govt. College of Nursing, Alappuzha during the period from 2015-16 to 2018-19.**

| Sl. No. | Name | Designation | Period |
|---|---|---|---|
| 1. | Dr. Bincy | Principal | 01/01/2015 to 07/08/2019 |
| 2. | Sri. Vasantha Kumar K | Administrative Assistant | 01/01/2015 to 31/03/2015 |
| 3. | Smt. Nirmala Devi T | Administrative Assistant | 01/06/2015 to 30/11/2015 |
| 4. | Sri. Sivadasan P K | Administrative Assistant | 08/03/2016 to 30/04/2016 |
| 5. | Smt. T S Satheedevi | Administrative Assistant | 24/06/2016 to 05/09/2016 |
| 6. | Sri. Gireesh M R | Administrative Assistant | 06/09/2018 continuing |
| 7. | Smt. Sheela T K | Senior Superintendent | 01/01/2015 to 29/04/2015 |
| 8. | Sri. Renny V L | Senior Superintendent | 31/05/2015 to 28/09/2017 |
| 9. | Sri. Vinodkumar K | Senior Superintendent | 21/12/2017 to 29/05/2019 |
| 10. | Smt. Sajitha L | Clerk (HG) | 03/04/2016 to 18/04/2017 |
| 11. | Smt. Anitha Mohan | Clerk | 27/06/2015 to 02/04/2016 |
| 12. | Smt. Reshma R | Clerk | 19/04/2017 continuing |
| 13. | Smt. Nasheeda M A | Senior Clerk | 01/01/2015 to 17/04/2015<br>16/10/2016 to continuing |

Section Officer